LIBRARY ARCHIVES Kerala Legislative Assembly

പശ്ചിമ ബംഗാളിലെ ഗവൺമെന്റ് അധികാരികളുടെ സംസ്ഥാന സന്ദർശനം

106 [576] *ശ്രീ. എ. സുജനപാൽ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ലൂഡി ലൂയിസ്:*

„ *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ ബംഗാൾ ഗവൺമെന്റ് അധികാരികൾ സംസ്ഥാനത്തെ സാങ്കേതിക സഹകരണ വിദ്യാഭ്യാസ സ്ഥാപനത്തെപ്പറ്റി പഠിക്കുന്നതിനുവേണ്ടി സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതിനായി സംസ്ഥാനം സന്ദർശിച്ചത്; ഏതെല്ലാം സ്ഥാപനങ്ങൾ അവർ സന്ദർശിച്ചു;

(സി) പരിയാരം മെഡിക്കൽ കോളേജിനെപ്പറ്റി അവരും പശ്ചിമ ബംഗാൾ ഗവൺമെന്റും എന്തഭിപ്രായമാണ് പറഞ്ഞതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പശ്ചിമ ബംഗാൾ സഹകരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഡി. കെ. ചക്രവർത്തി, സ്പെഷ്യൽ സെക്രട്ടറി ശ്രീ. ബസുദേവ് ഗുഹ മജുംദാർ എന്നിവരാണ് സന്ദർശിച്ചത്. കൊച്ചി, പരിയാരം സഹകരണ മെഡിക്കൽ കോളേജുകൾ അവർ സന്ദർശിക്കുകയുണ്ടായി.

(സി) പരിയാരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും കഴിഞ്ഞ പത്തു വർഷങ്ങളിലെ വിപുലീകരണവും ഉദ്യോഗസ്ഥൻമാർ വിലയിരുത്തുകയും ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളതെന്നും അഭിപ്രായപ്പെടുകയുണ്ടായി. സഹകരണ മേഖലയിൽ രൂപംകൊണ്ട പ്രസ്തുത സ്ഥാപനം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും അഭിപ്രായപ്പെട്ടു.

വിഴിഞ്ഞം തുറമുഖ വികസനം

107 [578] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

GPM. 2/573/2012—20